ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 22.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പുന്നമടയിലെ ജലരാജാക്കന്മാരായി അരോമ ചുണ്ടൻ; കൊല്ലം ക്ലബ് നെഹ്റു ട്രോഫി സ്വന്തമാക്കുന്നത് ഇതാദ്യമായി.

   **Aroma Chundan emerges as the water king at Punnamada; Kollam Club wins the Nehru Trophy for the first time.**

2. പ്രത്യേക ലോക് അദാലത്തിന്റെ ഭാഗമായി ഒറ്റ ദിവസം 400-ലധികം കേസുകൾ തീർപ്പാക്കി സുപ്രീം കോടതി.

   **Supreme Court disposes of more than 400 cases in a single day as part of a special Lok Adalat.**

3. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടുദിവസത്തെ റഷ്യൻ സന്ദർശനത്തിന് നാളെ തുടക്കമാകും.

   **External Affairs Minister S. Jaishankar's two-day visit to Russia begins tomorrow.**

4. നവംബർ എട്ട്, ദീപാവലിദിനമായി ആഘോഷിക്കാൻ പ്രമേയം പാസാക്കി അമേരിക്കയിലെ കാലിഫോർണിയ അസംബ്ലി.

   **California Assembly in the United States passes resolution to celebrate November 8 as Diwali Day.**

5. **കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യത.**

**India Meteorological Department forecasts heavy rain in Kerala in the coming days; possibility of swell waves along the coast.**

6. **ഇന്ത്യ-ശ്രീലങ്ക പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ മുതൽ കൊളംബോയിൽ.**

**Second match of the India-Sri Lanka men's Test cricket series begins in Colombo tomorrow.**

**&&&&&&&&&&&&&&&&&&&&**

## NEHRU TROPHY - INTRO

ആലപ്പുഴ പുന്നമടക്കായലിൽ നടന്ന 72-ാ‍ം നെഹ്റു ട്രോഫി ജലോത്സവത്തിൽ അരോമ ചുണ്ടൻ ജേതാവായി. ഇതാദ്യമായാണ് കൊല്ലം അരോമ ക്ലബ് നെഹ്റു ട്രോഫി സ്വന്തമാക്കുന്നത്. മുഖ്യമന്ത്രി വി.ഡി. സതീശനാണ് നെഹ്റുട്രോഫി വള്ളംകളി ഉദ്ഘാടനം ചെയ്തത്.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ.

(വോയിസ്)

**&&&&&&&&&&&&&&&&&&&&**

## VP- ARANMULA

ഇത്തവണത്തെ ആറന്മുള ഉത്രട്ടാതി ജലോത്സവത്തിൽ ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ വിശിഷ്ടാതിഥിയാകും. ഈ മാസം 30 നാണ് ഉത്രട്ടാതി വള്ളംകളി.

**&&&&&&&&&&&&&&&&&&&&**

## SC-LOK ADALAT

പ്രത്യേക ലോക് അദാലത്തിന്റെ ഭാഗമായി ഒറ്റ ദിവസം 400-ലധികം കേസുകൾ തീർപ്പാക്കി സുപ്രീം കോടതി. "സമാധാൻ സമാരോഹ്" സംരംഭത്തിന്റെ ഭാഗമായാണ് മൂന്ന് ദിവസത്തെ പ്രത്യേക ലോക് അദാലത്ത് സംഘടിപ്പിച്ചത്. പ്രത്യേക ലോക് അദാലത്തിൽ, 600-ലധികം കേസുകളാണ് പരിഗണനയ്ക്കു വന്നത്.

&&&&&&&&&&&&&&&&&&&

## JAISHANKAR-RUSSIA VISIT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടുദിവസത്തെ റഷ്യൻ സന്ദർശനത്തിനു നാളെ തുടക്കമാകും. വ്യവസായം, സാമ്പത്തികം, ശാസ്ത്രം, സാങ്കേതികം, സാംസ്കാരിക സഹകരണം എന്നിവ സംബന്ധിച്ച ഇന്ത്യ-റഷ്യ അന്തർ സർക്കാർതല കമ്മീഷൻറെ 27-ാം സെഷനിൽ അദ്ദേഹം സഹ അധ്യക്ഷനാകും. സന്ദർശനവേളയിൽ, ജയ്ശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&

## CJI- BRICS LEGAL FORUM-INTRO

സമയബന്ധിതമായി പ്രവർത്തിക്കുന്ന നീതിന്യായ വ്യവസ്ഥ ആഗോളതലത്തിൽ വിശ്വാസ്യത വളർത്തുമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. രാജ്യത്തെ നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും ഇതു കൂടുതൽ സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ 11-ാമത് ബ്രിക്സ് നിയമ ഫോറത്തിൽ സംസാരിക്കുകയായിരുന്നു ജസ്റ്റിസ് സൂര്യകാന്ത്. നീതിന്യായ നിർവ്വഹണ വ്യവസ്ഥ ഉൾപ്പെടെയുള്ള ശക്തമായ

സ്ഥാപനങ്ങളാണ് സാമ്പത്തിക വളർച്ചയുടെ അടിത്തറയെന്നും, നിയമവാഴ്ചയോടുള്ള ഉറച്ച പ്രതിജ്ഞാബദ്ധതയിലൂടെ അത് വിശ്വാസ്യതയും സ്ഥിരതയും നൽകുന്നുവെന്നും ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി.

(വോയിസ്)

&&&&&&&&&&&&&&&&&&&

## BRICS - YOUTH MINISTERS

ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെയും കായിക മന്ത്രിമാരുടെയും യോഗങ്ങൾക്ക് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നു. കായിക മന്ത്രിമാരുടെ യോഗം നാളെയാണ്.

&&&&&&&&&&&&&&&&&&&

## CALIFORNIA- DIWALI DAY

ഈ വർഷം നവംബർ എട്ട് ദീപാവലി ദിനമായി ആചരിക്കാനുള്ള പ്രമേയം പാസാക്കി അമേരിക്കയിലെ കാലിഫോർണിയ സ്റ്റേറ്റ് അസംബ്ലി. മേഖലയിലുടനീളമുള്ള ജനങ്ങളോട് ആഘോഷങ്ങളിൽ പങ്കുചേരാനും പ്രമേയം ആഹ്വാനം ചെയ്തു. നേരത്തെ, നിരവധി അമേരിക്കൻ സംസ്ഥാനങ്ങൾ ഓഗസ്റ്റ് 15 'ഇന്ത്യ ദിന'മായി ആചരിക്കുന്നതിനും പ്രത്യേക പ്രഖ്യാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## REV SHAH DARJEELING MEETING

പശ്ചിമ ബംഗാളിലെ മലയോര മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി മുൻ ഐ.പി.എസ്

ഉദ്യോഗസ്ഥൻ പങ്കജ് സിംഗിന്റെ നേതൃത്വത്തിൽ ഇടക്കാല സമിതി രൂപീകരിക്കാൻ തീരുമാനമായി. സിലിഗുരിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ചേർന്ന മലയോര മേഖലയിലെ വിവിധ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&&

## ONAM-T SIDDIQUE

ഓണക്കാലത്തെ വിലക്കയറ്റവും ക്ഷാമവും തടയാൻ സംസ്ഥാനത്തുടനീളം 2000 'ഓണസമൃദ്ധി' കർഷകച്ചന്തകൾ പ്രവർത്തനം ആരംഭിച്ചു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യവിൽപ്പനയും മന്ത്രി ടി സിദ്ദിഖ് തിരുവനന്തപുരത്തു നിർവഹിച്ചു.

&&&&&&&&&&&&&&&&&&&

## ONAM- CM

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ടൂറിസം ഓണം വാരാഘോഷത്തിൻറെ ഒരുക്കങ്ങൾ അന്തിമഘട്ടത്തിലേക്ക്. മറ്റെന്നാൾ വൈകിട്ട് 5.30 ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ വാരാഘോഷം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## GOVERNOR - INTRO

ലോകമെങ്ങുമുള്ള മലയാളികൾക്ക് ഓണാശംസകൾ നേർന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ജാതി-മത-വർണ്ണ വിവേചനങ്ങളെ ഭേദിക്കുന്ന, കാലത്തിനതീതമായ സന്ദേശമാണ് ഓണം നൽകുന്നതെന്ന് ആശംസാ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

**RATION**

ഓണക്കിറ്റ് വിതരണം, ഓണം ഭക്ഷ്യധാന്യങ്ങളുടെ വിതരണം, അരി വിതരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നാളെയും ഈ മാസം 25 നും റേഷൻ കടകൾക്ക് പ്രവൃത്തി ദിവസങ്ങളാണ്. പകരം ഈ മാസം 27, സെപ്തംബർ 2 തീയതികൾ അവധിയായിരിക്കും.

&&&&&&&&&&&&&&&&&&&

**GOVT- FDC-INTRO**

കുട്ടികളിലെ ജലദോഷം, പനി, അലർജി ലക്ഷണങ്ങൾ ചികിത്സിക്കാൻ ഉപയോഗിക്കുന്ന മരുന്നിനു നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ക്ലോർ ഫെനിറമീൻ മേലിയേറ്റ്, ഫിനൈൽ അഫ്രിൻ ഹൈഡ്രോ-ക്ലോറൈഡ് എന്നിവ അടങ്ങിയ സംയുക്തങ്ങളുടെ നിർമ്മാണം, വിൽപന, വിതരണം എന്നിവയിലാണ് നിയന്ത്രണങ്ങൾ.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

**GOVT- FDC- VOICE**

"നാല് വയസ്സിന് താഴെയുള്ള കുട്ടികളിൽ ഫിക്സഡ് ഡോസ് കോമ്പിനേഷൻ ഉപയോഗിക്കരുത്" എന്ന മുന്നറിയിപ്പ് മരുന്നിൻറെ ലേബലിലും പാക്കറ്റിലും വ്യക്തമായി പ്രദർശിപ്പിക്കാൻ സർക്കാർ നിർമ്മാതാക്കളോട് നിർദ്ദേശിച്ചു. അത്തരം സംയുക്തങ്ങളുടെ ഉപയോഗം നാല് വയസ്സിന്

താഴെയുള്ള കുഞ്ഞുങ്ങൾക്ക് അപകടസാധ്യത സൃഷ്ടിച്ചേക്കാമെന്നും, സുരക്ഷിതമായ മറ്റു മാർഗങ്ങൾ ലഭ്യമാണെന്നും സർക്കാർ വ്യക്തമാക്കി. കുട്ടികളുടെ ആരോഗ്യവും സുരക്ഷയും മുൻനിർത്തിയാണ് ആരോഗ്യ മന്ത്രാലയത്തിന്റെ സുപ്രധാന നടപടി.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&

## RAIN- KERALA

കേരളത്തിൽ വരുംദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മുതൽ ഈ മാസം 25 വരെ കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&

## IMD-MP

മധ്യപ്രദേശിൽ കാലവർഷം സജീവം. നിരവധി ജില്ലകളിൽ കനത്ത മഴ തുടരുകയാണ്. ചക്രവാതച്ചുഴിയും ന്യൂനമർദവും മധ്യപ്രദേശിനെ സാരമായി ബാധിച്ചിട്ടുണ്ട്. നിരവധി നദികൾ കരകവിഞ്ഞൊഴുകുകയാണ്. 12 ജില്ലകളിൽ കനത്ത മഴയ്ക്കു സാധ്യതയെന്നു മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&

## IND VS SRILANKA

ഇന്ത്യ-ശ്രീലങ്ക പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ മുതൽ കൊളംബോയിൽ. പരമ്പരയിലെ ആദ്യ കളിയിൽ ഇന്ത്യ ജയിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## HOCKEY-WORLD CUP

പുരുഷ ലോകകപ്പ് ഹോക്കിയിൽ, ഇന്ത്യ ആതിഥേയരായ നെതർലൻഡ്സിനെ നേരിടുന്നു. പൂൾ ഡിയിൽ നിലവിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ.

&&&&&&&&&&&&&&&&&&&

## BWF BADMINTON

ന്യൂഡൽഹിയിൽ നടക്കുന്ന ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ വനിതാ ഡബിൾസ് ടീമിന് വെങ്കലം. ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം സെമിഫൈനലിൽ ചൈനീസ് സഖ്യത്തോടു പരാജയപ്പെടുകയായിരുന്നു.

&&&&&&&&&&&&&&&&&&&

## DEFENCE-MANGROL WATERCRAFT

കൊച്ചി കപ്പൽനിർമാണശാലയുടെ, മൂന്നാമത് ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റായ മാംഗ്രോൾ ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി. ആഴം കുറഞ്ഞ കടൽമേഖലകളിൽ അന്തർവാഹിനികളെ കണ്ടെത്താനും പ്രതിരോധിക്കാനും ഉപയോഗിക്കുന്ന ഈ യുദ്ധക്കപ്പലിൽ, 80 ശതമാനത്തിലധികം തദ്ദേശീയ

സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

**K MURALEEDHARAN**

കേരളത്തിലെ ജില്ലാ, ജനറൽ ആശുപത്രികളിൽ എല്ലാദിവസവും 24 മണിക്കൂറും സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുമെന്ന് മന്ത്രി കെ.മുരളീധരൻ. ആറുമാസത്തിനുള്ളിൽ ഇത് നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിലൂടെ മെഡിക്കൽ കോളേജുകളിലെ അമിതമായ തിരക്ക് നിയന്ത്രിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**SABARIMALA**

ഓണം പൂജയ്ക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് തുറക്കും. ഈ മാസം 28 വരെയാണ് ഓണം പൂജകൾ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&